പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. * 270

18.08.2017-ൽ
മറുപടിക്ക്

## അനധികൃത നിലംനികത്തൽ തടയുന്നതിന് നടപടി

ചോദ്യം

ശ്രീ.ഡി.കെ. മുരളി

,, ആർ. രാജേഷ്

,, മുരളി പെരുനെല്ലി

,, പി. ഉണ്ണി

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃത നിലംനികത്തൽ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അനധികൃത നിലംനികത്തൽ തടയുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 7,12,13,18,19,20,22 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അനധികൃത നിലം നികത്തൽ തടയുന്നതിന് ജില്ലാ, താലൂക്ക് തലങ്ങളിൽ സ്ക്വാഡുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) | അനധികൃത നിലം നികത്തൽ തടയുന്ന തിനായി ജില്ലാ/താലൂക്ക് തലത്തിൽ പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഇപ്രകാരമുള്ള വയൽ നികത്തൽ പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് പൊതുജനപിന്തുണ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | വയൽ നികത്തൽ തടയുന്നതിന് പ്രത്യക്ഷമായ പൊതുജന പിന്തുണയോടെയുള്ള നടപടികൾ 2008-ലെ നിയമത്തിൽ പ്രതിപാദിക്കുന്നില്ല. എന്നാൽ സെക്ഷൻ 5-ൽ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി രൂപീകരിക്കുന്ന പ്രാദേശികതല നിരീക്ഷണ സമിതിയിൽ നെൽ കർഷകരുടെ 3 പ്രതിനിധികളെ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുള്ളതും അപ്രകാരമുള്ള സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതുമാണ്. കൂടാതെ സെക്ഷൻ 9(2) പ്രകാരം രൂപീകൃതമായിട്ടുള്ള ജില്ലാതല അധികൃത സമിതിയിലും ബന്ധപ്പെട്ട ജില്ലാകളക്ടർ നാമനിർദ്ദേശം ചെയ്യുന്ന 3 നെൽ കർഷകർ അംഗങ്ങളാണ്. |
| (ഡി) | അനധികൃതമായി നികത്തിയ വയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | അനധികൃതമായി നികത്തിയ വയലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടി നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**